പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2126 — 18.12.2012-ൽ മറുപടിയ്ക്ക്

## വോൾട്ടേജ് ഇംപ്രൂവ്മെൻറ് പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. കെ. സദാശിവൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | 2009-2010-ൽ സംസ്ഥാനത്തെ വൈദ്യുതിയുടെ ഉപയോഗം എത്രയായിരുന്നു ; | (എ) | 2009-2010 ലെ സംസ്ഥാനത്തെ വൈദ്യുതിയുടെ ഉപയോഗം 16979 ദശലക്ഷം യൂണിറ്റ് ആയിരുന്നു. |
| (ബി) | 2011-2012 ൽ ഇത് എത്ര വർദ്ധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (ബി) | 2011-2012 ലെ സംസ്ഥാനത്തെ വൈദ്യുതിയുടെ ഉപയോഗം 18946 ദശലക്ഷം യൂണിറ്റ് ആയിരുന്നു. അതായത് രണ്ടു വർഷക്കാലയളവ് കൊണ്ട് 1967 ദശലക്ഷം യൂണിറ്റ് വർദ്ധിച്ചു. |
| (സി) | ഉപയോഗത്തിനനുസരിച്ച് വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ എത്ര ; | (സി) | സംസ്ഥാനത്ത് പാരിസ്ഥിതിക പ്രശ്നങ്ങൾ നിമിത്തം വലിയ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ 2009-10 മുതൽ 2011-12 വരെയുള്ള കാലയളവുകളിൽ കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (100 മെഗാവാട്ട്), പൂഴിത്തോട് (4 മെഗാവാട്ട്), റാന്നി പെരിനാട് (4 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| (ഡി) | കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ ; വോൾട്ടേജ് ഇംപ്രൂവ്മെൻറ് പ്രവർത്തനങ്ങളിൽ എന്തെല്ലാം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ? | (ഡി) | കേന്ദ്രപൂളിൽ നിന്നുള്ള സംസ്ഥാനത്തിനുള്ള വൈദ്യുതി വിഹിതം 2009-10 ൽ 1033 മെഗാവാട്ടായിരുന്നു. എന്നാൽ 2011-12 കാലയളവിൽ ഇത് 1227 മെഗാവാട്ടായി വർദ്ധിച്ചു. 01.12.2012 ലെ കണക്കനുസരിച്ച് ഇത് 1223.7 മെഗാവാട്ടാണ്. 2009-10 ൽ കേന്ദ്ര വിഹിതമായി 6928.96 ദശലക്ഷം യൂണിറ്റ് ലഭിച്ചിരുന്നു. 2011-12 ൽ ഇത് 7876.38 ദശലക്ഷം യൂണിറ്റായി വർദ്ധിച്ചു.<br><br>2011-12, 2012-13 നവംബർ വരെയുള്ള കാലയളവിൽ വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനായി 2408 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും, 4104 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും 3198 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.